വൈപ്പിൻ പള്ളിപ്പുറം കരയും എറണാകുളവും തമ്മിൽ റോഡുമാർഗ്ഗം ബന്ധിക്കാവുന്ന ഏതെങ്കിലും പദ്ധതി ഗവൺമെണ്ടിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണതു"?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വൈപ്പിൻ കരയെ എറണാകുളവുമായി ഘടിപ്പിക്കത്തക്ക നിലയിൽ പാലങ്ങളും ഇടവാനായിട്ട് ഒരു സ്കീം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

P. W. D. ROAD—CHENNAMANGALAM

ൟ൪. മിസ്റ്റർ എം. കെ. വർഗ്ഗീസ്": താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിൽ എത്ര മൈൽ പി. സബ്ലിയു. ഡി. റോഡുണ്ടു";

(ബി) ഈ വില്ലേജിൽ റോഡുനിർമ്മാണത്തിന്റെ ആവശ്യത്തിലേക്കു ഗവർമ്മെണ്ടു വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ, എന്നാണതു";

(സി) ചേന്ദമംഗലം വില്ലേജിൽ വടക്കുപുറവും ഗോതുരുത്തിയും തമ്മിൽ ഘടിപ്പിക്കുന്ന ഒരു പബ്ലിക്ക് റോഡിന്റെ ആവശ്യകത ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഒരു നാഴിക, മൂന്നു ഫർലോങ്ങ്", ൩൭ വാര.

(ബി) ഈ വില്ലേജിൽ വാഹനഗതാഗതത്തിനുതകുന്ന ഒരു റോഡു നിർമ്മാണത്തിലേക്കു ൨൨൨൭-ൽ ഒരു സർവ്വെ നടത്തീയിട്ടുണ്ട്.

(സി) ഉവ്വ്.

TEAK—PLANTATION OF

൨൫൫. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇപ്പോഴത്തെ ഫോറസ്റ്റ് കൺസർവേറ്റർ കൺസർവേറ്ററുടെ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം ആകെ എത്ര തേക്കിൻതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടു"; എവിടെയെല്ലാം; (ഓരോ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചതിന്റെ കണക്കു വേവ്വേറെ കാണിക്കണം)

(ബി) ഇദ്ദേഹം കൺസർവേറ്ററായി നിയമിക്കപ്പെട്ടതിനുശേഷം കൊച്ചി മലകളിൽ നിന്നു ആകെ എത്ര തേക്കുമരങ്ങൾ മുറിച്ചുപോയിട്ടുണ്ടു"; ആകെ എത്ര തൈകൾ മുറിച്ചുപോയിട്ടുണ്ട്";

(സി) തേക്കുമുറിച്ചു വിറ്റവകയിൽ ആകെ എത്ര വരവുണ്ടായിട്ടുണ്ടു";

(ഡി) മൂന്നുകൊല്ലം മുതൽ പത്തുകൊല്ലംവരെ പ്രായമുള്ള തേക്കിൻതൈകൾ ആകെ എത്രായിരം ഇദ്ദേഹം കൺസർവേറ്ററായതിനുശേഷം മുറിച്ചിട്ടുണ്ടു"? (അവകളുടെ പ്രായം പ്രത്യേകം കാണിക്കണം).

മിസ്റ്റർ എസ്സ്": വെങ്കിടേശ്വരൻ: (എ) ൨൨൨൯-ലും ൨൨൩൦-ലും തേക്കിൻതൈകൾ വച്ചു സ്ഥലങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

സ്ഥലവിവരം	എക്രു"		
	൨൨൨൯—	൨൨൩൦	
(൧) എളനാട്ട ബ്ലോക്ക്"	൫൩. ൫൦	൩൫൦	സർക്കീയാത്തതിനാൽ ഇല്ല എന്നു മറുപടി.
(൨) അകമല	൫൫. ൬൫	൬൫	
(൩) അരിയശ്ശേരി	൫൩. ൫൦	൬൫	
(൪) അമ്പലപ്പാട്ട്	..	൫൦൦	
(൫) ചെപ്പിലക്കോട്ട്	൫൩. ൬൫	൨൫൫൦	
(൬) ചുള്ളി	..	൨൫൫൦	
(൭) മഞ്ഞിയം	൩൫ ൬.൩൦	൨൫൫൦	
(൮) പാലപ്പിള്ളി	..	൨൫൫൦	
(൯) നെല്ലുവായ	൫൫൫. ൨൬	൨൦൦	
	വ൬൩-൯൬	൨൫൫൦൦	

LIBRARY ARCHIVES Kerala Legislative Assembly